**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1542** 06-03-2020-ൽ
മറുപടി നൽകേണ്ടിയിരുന്നത്

**വികസനപഠനം, സോഷ്യോളജി, സോഷ്യൽ വർക്ക് എന്നിവയിലെ ഗവേഷണ പഠനം**

**ചോദ്യം** **ഉത്തരം**

**ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ** : **ഡോ. ആർ.ബിന്ദു**
**(ഉന്നത വിദ്യാഭ്യാസ-**
**സാമൂഹ്യനീതി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സോഷ്യൽ വർക്കിൽ എത്ര പേർ ഗവേഷണ പഠനം നടത്തുന്നുണ്ട്: ആരുടെയൊക്കെ ഗവേഷണ രജിസ്ട്രേഷനാണ് റദ്ദായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) | കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ആകെ 12 പേരാണ് സോഷ്യൽ വർക്കിൽ ഗവേഷണ പഠന വകുപ്പിൽ ഗവേഷണം ചെയ്യുന്നത് . 12 പേരിൽ Dharsini Shibu, Umesh Unnikrishanan എന്നിവർ ജോലി ചെയ്യുന്നവരാണെങ്കിലും ഗവേഷണം പാർട്ട് ടൈമിലേക്ക് ഭേദഗതി ചെയ്തിട്ടില്ല. ഇവർ നിലവിൽ ഗവേഷണത്തിൽ inactive ആണ്. ടി ഗവേഷകരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സർവ്വകലാശാല നടപടികൾ സ്വീകരിച്ചിട്ടില്ല. |
| ബി) | ഇവർ ഓരോരുത്തർക്കും പുനർ രജിസ്ട്രേഷന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ട തെന്ന് വ്യക്തമാക്കാമോ; | ബി) | 2015 മുതൽ ഉള്ള സർവ്വകലാശാല റഗുലേഷൻ പ്രകാരം സ്വാഭാവിക കാലാവധിക്ക് ശേഷം ഡീ-രജിസ്ട്രേഷൻ അല്ലെങ്കിൽ എക്സ്റ്റൻഷൻ ആണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് . ഗവേഷകർ ഡീ-രജിസ്ട്രേഷൻ ആണ് സ്വീകരിക്കുന്നതെങ്കിൽ അതേ തുടർന്ന് റീ - രജിസ്ട്രേഷൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| സി) | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ വികസനപഠനം , സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഗവേഷണ പഠനത്തിന് ആവശ്യമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്; | സി) | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ വികസനപഠനത്തിന് എം.എ തദ്ദേശവികസനപഠനം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഡവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡവലപ്മെന്റ്, എം.എസ്.ഡബ്ല്യൂ ആണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ. സോഷ്യോളജിക്ക് എം.എ സോഷ്യോളജി യാണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. |

| | | | |
|---|---|---|---|
| ഡി) | സോഷ്യൽ വർക്കിലുളള ബിരുദാനന്തര ബിരുദം ഇവയുടെ അടിസ്ഥാന യോഗ്യതകളിൽ ഉൾ പ്പെടുത്തിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | ഡി) | സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം വികസനപഠനം വിഷയത്തിൽ ഗവേഷണത്തിന് അടിസ്ഥാനയോഗ്യ തയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, സോഷ്യോളജി വിഷയത്തിൽ അടിസ്ഥാന യോഗ്യതയായി നിശ്ചയി ച്ചിട്ടില്ല. സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം സോഷ്യോളജി വിഷയത്തിന്റെ അടിസ്ഥാനയോഗ്യത യായി നിശ്ചയിക്കുന്നതിന് സർ വ്വകലാശാലയിൽ അപേക്ഷ ലഭിച്ചിരു ന്നില്ല. |
| ഇ) | സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം ഇത്തരം ഗവേഷണ പരിപാടികളുടെ അടിസ്ഥാന യോഗ്യതകളിൽ ഉൾ പ്പെടുത്തുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ നൽ കാമോ; | ഇ) | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർ വ്വകലാശാലയിൽ വികസനപഠനം പി.എച്ച്.ഡി പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യതയായി എം.എസ്. ഡബ്ല്യൂ ബിരുദവും പരിഗണിക്കണ മെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ 30.09.2023 ന് നടന്ന ഗവേഷണസഭ പരിശോധിക്കുകയും വികസനപഠനം പി.എച്ച്.ഡി പ്രവേശനത്തിന് എം.എസ്. ഡബ്ല്യൂ ബിരുദം കൂടി അടിസ്ഥാന യോഗ്യതയായി പരിഗണിക്കാൻ തീരുമാ നിക്കുകയും ചെയ്തിട്ടുണ്ട്. |
| എഫ്) | സമാന പഠന മേഖലകളിൽ ഉൾ പ്പെടുന്ന വിഷയങ്ങൾ ആയതിനാൽ സോഷ്യൽ വർക്കിലുള്ള ബിരുദാ നന്തര ബിരുദം, തദ്ദേശപഠനത്തിന്റെ ഗവേഷണത്തിനുള്ള അടിസ്ഥാന യോഗ്യതകളിൽ ഉൾപ്പെടുത്തുന്ന തിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | എഫ്) | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർ വ്വകലാശാലയിൽ എം .എസ്.ഡബ്ല്യൂ ബിരുദം വികസനപഠനത്തിൽ ഗവേഷണ ത്തിന് അടിസ്ഥാന യോഗ്യതായി നിശ്ചയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**